LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം ചോദിക്കൂ.....

ശ്രീ. സാജു പോൾ : ഇവരൊന്നും ഒരു നടപടിയും സ്വീകരിക്കുന്നില്ല..... ഒരു പഞ്ചായത്തിൽ മാത്രം ഒന്ന് അന്വേഷിച്ചാൽ അനധികൃതമായി പ്രവർത്തിക്കുന്ന എത്ര സ്ലോട്ടർ ഹൗസുകളുണ്ടെന്ന് കണ്ടുപിടിക്കാൻ കഴിയും. കേരളത്തിലിപ്പോൾ വിളപ്പിൽശാല, ഞെളിയൻപറമ്പ്, ബ്രഹ്മപുരം, ലാലൂർ....

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്..... അങ്ങ് നേരത്തെ പ്രസംഗിച്ചതാണ്....

ശ്രീ. സാജു പോൾ : അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകണം. ഈ വിജനമായ സ്ഥലങ്ങളിൽ മാലിന്യം തള്ളുന്ന കുറെ പേരെയെങ്കിലും പോലീസിനെ ഉപയോഗിച്ച് നിയമത്തിന് മുൻപിൽ കൊണ്ടുവരാൻ തയ്യാറായാൽ കേരളത്തിലെ ഈ സംവിധാനത്തിന് ഒരു മാറ്റം വരും. അത്തരത്തിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ സാക്ഷരതായജ്ഞം പോലെ വ്യാപകമായ ജനപങ്കാളിത്തത്തോടുകൂടി ഈ മാലിന്യ പ്രശ്നത്തിൽ ഒരു ജനകീയ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, പട്ടണത്തിലുള്ള മാലിന്യങ്ങൾ മുഴുവൻ ശേഖരിച്ച് സംസ്കരിക്കുക എന്നുള്ളത് എത്ര ശ്രമിച്ചാലും അത് പരാജയപ്പെടും. അതുകൊണ്ടാണ് അതത് പ്രദേശത്ത് വികേന്ദ്രീകരിച്ച് സംസ്കരിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഇപ്പോൾ നടപ്പാക്കുന്നത്. അത് ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്.

2. വർദ്ധിച്ചുവരുന്ന ആത്മഹത്യ

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിന്റെ എ.ഡി.ജി.പി. ആയിരുന്ന സിബി മാത്യു ഇപ്പോൾ വിവരാവകാശ കമ്മീഷണറാണ്. അദ്ദേഹം അടുത്തിടെ പുറത്തിറക്കിയ മലയാളി ഇങ്ങനെയും മരിക്കണമോ എന്ന ഗവേഷണ പ്രബന്ധ പുസ്തകമാണ് ഈ ശ്രദ്ധ ക്ഷണിക്കലിന് എനിക്ക് പ്രേരണ നൽകിയത്. മലയാളി മരണവുമായി പ്രണയത്തിലാണ്. ഏറ്റവും അധികം ആത്മഹത്യകൾ നടക്കുന്ന, ഏറ്റവും അധികം മദ്യം കുടിക്കുന്ന, ഏറ്റവും അധികം വാഹനാപകടങ്ങൾ വഴി ആളുകൾ മരിക്കുന്ന, ഏറ്റവും അധികം കുടുംബ ബന്ധങ്ങൾ തകരുന്ന, എന്നാൽ ഏറ്റവും സാക്ഷരതയുള്ള ദൈവത്തിന്റെ സ്വന്തം നാട് നമ്മെ ഭയചകിതരാക്കുന്നു, നമ്മെ സംഭ്രമിപ്പിക്കുന്നു. പലിശയ്ക്ക് പണമെടുത്ത് ചെലവഴിച്ച് വായ്പാ ബാധ്യത കഴുത്തിന് പിടികൂടുമ്പോൾ പിഞ്ചുമക്കൾക്ക് വിഷം കൊടുക്കുന്ന രക്ഷിതാക്കളും മക്കളും മരണവേദനയോടെ പിടയുന്ന നാടായി കേരളം മാറുന്നു. ദുഃഖങ്ങളും മഹാരോഗങ്ങളും ദാരിദ്ര്യവും പരീക്ഷാപരാജയവും അപമാനഭീതിയും കടബാധ്യതയും കുടുംബ തകർച്ചയും സ്നേഹശൂന്യതയും പ്രിയജന വിരഹവും അപരിഹാര്യമായ പ്രശ്നങ്ങളായി മുന്നിലുയർന്ന് അവയിൽ നിന്ന് രക്ഷപ്പെടാൻ മലയാളി പാടുപെടുന്നു. എല്ലാ മതങ്ങളും

ഇതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്. നിത്യനാശവും നിത്യനരകവുമാണ് ആത്മഹത്യകളുടെ പരിണിതഫലമെന്ന് സെമിറ്റിക് മതങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ പുരാതന ഭാരതീയ വിശ്വാസം കർമ്മ സിദ്ധാന്തം എന്ന അനന്ത ശൃംഖലയിലാണ് ഊന്നുന്നത്. ആത്മാവിനെ ഹനിക്കുക എന്നതിനേക്കാൾ ശരീരത്തെ ഹനിക്കുക മാത്രമല്ല നീച കർമ്മങ്ങളും മഹാപാപങ്ങളും എല്ലാം അതിൽ ഉൾപ്പെടുന്നു. അസൂര്യം പശ്യമായ അന്ധകാര ലോകത്തിൽ നിന്ന് ജന്മങ്ങളുടെ പടവുകൾ ചവിട്ടി വീണ്ടും ഉന്നതിയിലേക്ക് കയറിച്ചെല്ലാമെന്നാണ് പൂർവ്വസൂരികളുടെ നിഗമനം.

ഹിന്ദുമത വിശ്വാസികളിലാണ് കൂട്ടുകുടുംബത്തകർച്ച ഏറ്റവും വലിയ പ്രശ്നം സൃഷ്ടിച്ചത്. ഷേക്സ്പിയറിന്റെ "മാക്ബെത്-ൽ ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ച് മാക്ബെത് രാജ്ഞിയുടെ "അണയട്ടെ വേഗമീ ചെറുതിരി, ജീവിതം വെറുമൊരു നിഴൽമാത്രം" എന്ന ഡയലോഗ് വളരെ പ്രസിദ്ധമാണ്. സോക്രട്ടീസും പൈതഗോറസും ഈ കാര്യം വിശദമായി വിമർശനം നടത്തിയിട്ടുണ്ട്. അരിസ്റ്റോട്ടിലും സോഫോക്ലീസിന്റെ ആന്റിഗണി എന്ന നാടകവും ഈ ദുരന്തങ്ങൾ ഭംഗിയായി ആവിഷ്കരിച്ചിട്ടുണ്ട്. ക്രൈസ്തവ ദാർശനികനായ അഗസ്റ്റിനോസ് നിന്ദ്യവും നികൃഷ്ടവുമായ ദുഷ്ടതയെന്നും കൊലപാതകത്തിനോട് സമമെന്നും ഇസ്ലാമിക ചിന്തയും പറയുന്നു. ഹിന്ദു ദർശനം പരമമായ പാപമെന്നും പറയുന്നു. ഇടപ്പള്ളിയുടെ മരണത്തെക്കുറിച്ച് വഷളൻ സാഹിത്യം ഒരുപാടുപേർ പടച്ചിറക്കിയിട്ടുണ്ട്. മനുഷ്യജീവിതം നിരർത്ഥകമെന്ന് പറഞ്ഞ ആധുനിക തത്വചിന്തയുടെ പ്രാണേതാവായ ഷാൻപോൾ സാത്രെപോലും സ്വയം വിധിക്കുന്ന മരണത്തെ അപലപിക്കുന്നു. ഹെഗിം ഗ്വെയുടെ "കിഴവനും കടലും" എന്ന കൃതിയിലെ കിഴവൻ സാന്റിയാഗോ അതുപോലെ ചെറുകാടിന്റെ ചെമ്പിൽ അമ്പഴങ്ങ പുഴുങ്ങിയെങ്കിലും എനിക്ക് ജീവിക്കണമെന്ന തത്വശാസ്ത്രവുമൊക്കെ ജീവിതത്തിന്റെ പരമമായ സത്യം നമ്മെ ബോധ്യപ്പെടുത്തുന്നു. എന്നാൽ ഇന്ത്യയിൽ ഏറ്റവുമധികം ആത്മഹത്യ നടക്കുന്നത് കേരളത്തിലാണ്. എണ്ണംകൊണ്ട് ബംഗാളും തമിഴ്നാടുമാണ് മുന്നിലെങ്കിലും 1905-ലെ ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം ഇന്ത്യയിൽ ജനസംഖ്യാനുപാതികമായി ഒന്നാം സ്ഥാനത്ത് കേരളമാണ് എത്തിനിൽക്കുന്നത്. 2005-ൽ 98254 ആളുകൾ റോഡപകടങ്ങളിൽ മരിച്ചുവെങ്കിൽ ആത്മഹത്യ ഒരു ലക്ഷത്തിന് മീതെയാണ്. കുട്ടികൾ 10-ൽ കുറയാതെ ഓരോവർഷവും പരീക്ഷയിലെ പരാജയത്തിലും പ്രേമബന്ധത്തിലും കുടുങ്ങി ഇവിടെ ആത്മഹത്യ ചെയ്യുന്നുണ്ട്. ഇന്റേണൽ അസെസ്മെന്റ് മറ്റൊരു കാരണമാണ്. മദ്യപാനംകൊണ്ടുണ്ടാകുന്ന കുടുംബ തകർച്ച വളരെ പ്രധാനപ്പെട്ട കാര്യമാണ്. ക്ലിനിക്കുകൾ, ബോധവൽക്കരണം, കൗൺസിലിങ്ങുകൾ എന്നിവ നടത്തിയും ഈ രംഗത്ത് ഒരു പുതിയ നയം സ്വീകരിച്ചും മനോരോഗ ചികിത്സ വ്യാപകമാക്കിയും നിയന്ത്രിക്കുവാൻ സാധിക്കണം. മലയാളിയെ പിടികൂടിയിട്ടുള്ള ആഡംബരങ്ങളോടുള്ള ഭ്രമം, അതുവഴിയുണ്ടാകുന്ന കടം ഇതെല്ലാം ഒരാളെ ജീവിതം അവസാനിപ്പിക്കാൻ പ്രേരിപ്പിക്കുകയാണ്. താളും തകരയും അരിഞ്ഞ് തിന്നിരുന്ന ഒരു സാമൂഹ്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥിതിയിൽപ്പോലും മലയാളി ജീവിതം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല. അതുകൊണ്ട് മാറ്റേണ്ട ജീവിതശൈലിയെക്കുറിച്ച് രാഷ്ട്രീയ പ്രവർത്തകരും ഗവൺമെന്റും ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കു വേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആനുപാതികമായി ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന സംസ്ഥാനം കേരളമാണ്. അതിന്റെ കാരണങ്ങളെക്കുറിച്ചും അദ്ദേഹം സാമാന്യമായി സൂചിപ്പിക്കുകയുണ്ടായി. ഒന്ന്, സാമ്പത്തിക തകർച്ചയും ദാരിദ്ര്യവും മൂലമുണ്ടാകുന്ന ആത്മഹത്യകൾ, വയനാടുള്ള കർഷക ആത്മഹത്യകളൊക്കെ അതിന് ഉദാഹരണമാണ്. രണ്ടാമത്തേത്, സാമ്പത്തിക തകർച്ച ഇല്ലെങ്കിലും demonstration effect മൂലം-പ്രത്യേകിച്ച്, മാധ്യമങ്ങൾവഴി അല്ലെങ്കിൽ വിദേശത്തുപോകുന്നതുവഴി നമ്മുടെ പ്രതീക്ഷകൾ വളരെ ഉയരുകയും അതിനനുസരിച്ച് എത്തിച്ചേരാൻ പറ്റാത്ത നിരാശയിൽ നിന്നുണ്ടാകുന്ന ആത്മഹത്യ മൂന്നാമത്തേത്, ഇത്രയേറെ കേരളത്തിൽ ആത്മഹത്യയ്ക്ക് ആക്കം കൂട്ടുന്നതിന് ഒരു പ്രധാനപ്പെട്ട കാരണം നമ്മുടെ കുടുംബഘടനയിൽ വന്നിട്ടുള്ള മാറ്റമാണ്. നമ്മുടെ പരമ്പരാഗതമായിട്ടുള്ള ആശ്രയ സാന്ത്വന സംവിധാനങ്ങൾ വളരെയേറെ ദുർബലപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. എങ്കിലും ഇതിൽ ശുഭ സൂചകമായിട്ടുള്ള ഒരു പ്രവണതയുണ്ട്. ഇപ്പോൾ കേരളത്തിൽ ആത്മഹത്യാനിരക്ക് കൂടിക്കൊണ്ടിരിക്കുകയല്ല, കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2001-02 വർഷങ്ങളിൽ കേരളത്തിലെ ആത്മഹത്യകൾ യഥാക്രമം 9572-ഉം 9210-ഉം ആയിരുന്നു. അത് 2009-2010 ആയപ്പോൾ യഥാക്രമം 8755, 8436 ആയി കുറഞ്ഞു. 2001 മുതൽ 2005 വരെയുള്ള അഞ്ചുവർഷമെടുത്താൽ കേരളത്തിൽ ശരാശരി 9228 ആത്മഹത്യകളാണ് നടന്നിട്ടുള്ളതെങ്കിൽ 2006 മുതൽ 2010 വരെയുള്ള അഞ്ചുവർഷക്കാലത്ത് ശരാശരി 8749 ആത്മഹത്യകളാണ് നടന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ പ്രശ്നത്തെക്കുറിച്ച് ഗൗരവമായി പഠിക്കേണ്ടതുണ്ട്. ഉള്ള വിവരങ്ങൾവച്ച് സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രി ഡിപ്പാർട്ടുമെന്റും കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് സമഗ്ര ആത്മഹത്യ പ്രതിരോധ പരിപാടി ആരംഭിച്ചിട്ടുണ്ട്. ക്രിസിസ് എന്നാണ് അതിന്റെ പേര്. ആത്മഹത്യയുടെ കാരണങ്ങളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ശിൽപ്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ, ആരോഗ്യ വകുപ്പ് ജീവനക്കാർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുന്നുണ്ട്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ "അലൈൻസ് ഫോർ മെന്റൽ ഹെൽത്ത് പ്രൊമോഷൻ" എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ ടെലഫോൺ കൗൺസിലിംഗ് ജീവരക്ഷാ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നടത്തിവരുന്നു. സ്കൂൾ, കോളേജ്, വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും ആത്മഹത്യ തടയുന്നതിനും വേണ്ടി എസ്.എസ്.എൽ.സി,

പ്ലസ് ടു പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് മുമ്പും ശേഷവും കൗൺസിലിംഗ് നടത്തിവരുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലും ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള തലങ്ങളിൽ ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആത്മഹത്യാ പ്രവണത കുറയ്ക്കുവാനുള്ള കൗൺസിലിംഗും ചികിത്സയും നൽകിവരുന്നു. അവബോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിക്കുമ്പോൾ അമ്മ ചീത്ത പറഞ്ഞതിന്, ശാസിച്ചതിന് ദുർബലമായ മനസ്സിന്റെ ഉടമകളായി നമ്മുടെ കുട്ടികൾ മാറിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായ കൗൺസിലിംഗ് സംവിധാനം സ്കൂളുകളിൽ ഇല്ല. സാന്ത്വന ചികിത്സ നൽകാൻ പ്രാപ്തരായ ആളുകളില്ല. ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഇതിനൊരു പ്രത്യേക നയം രൂപവൽക്കരിക്കാൻ തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് തൊട്ടുമുമ്പും പിമ്പും കുട്ടികൾക്ക് കൗൺസിലിംഗ് നടത്തിവരുന്നുണ്ട്. അത് കൂടുതൽ വ്യാപകമാക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. അതുപോലെതന്നെ ഇത്തവണത്തെ ബഡ്ജറ്റിൽ സാന്ത്വന ചികിത്സയ്ക്കുവേണ്ടി ആദ്യമായി തുക പ്രത്യേകം വകയിരുത്തിയിട്ടുണ്ടെന്നും മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

IV സബ്മിഷൻ

1. കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് കേരളത്തിൽ അനുവദിക്കുകയും അത് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ ആരംഭിക്കാനാവശ്യമായ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. സ്ഥലമെടുപ്പ് സംബന്ധിച്ച തർക്കങ്ങൾ കാരണം കാലതാമസം നേരിടുകയാണ്. വളരെ നേരത്തെതന്നെ ഏറ്റവും അനുയോജ്യമായ സ്ഥലം ഞങ്ങളെല്ലാം നിർദ്ദേശിച്ചിരുന്നു. നാഷണൽ ഹൈവേയുടെ തൊട്ടടുത്തുള്ള പെരിയയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഇതിന് ചൂണ്ടിക്കാണിച്ചുവെങ്കിലും അത് പരിഗണിക്കാതെ പോയി. ഏതായാലും ഈ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ പെരിയയിലുള്ള 310 ഏക്കർ സ്ഥലത്ത് കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കാനാവശ്യമായ സർവ്വേ നടപടികൾ ആരംഭിച്ച സംസ്ഥാന ഗവൺമെന്റിനെയും കേന്ദ്ര സർവ്വകലാശാല കാസർഗോഡ് അനുവദിച്ച കേന്ദ്ര ഗവൺമെന്റിനേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കേന്ദ്ര സർവ്വകലാശാലയോട് അനുബന്ധിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly